കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി4/217/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി 07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ-കെ.എൽ.എം-പി4/217/2017 തീയതി:07.02.2017

## കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 15.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.12.2016 മുതൽ 23.12.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മണിലാൽ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപകുമാർ.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ.ശരത്.എസ് | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുഭിലാഷ് കുമാർ.സി | 01.04.2015മുതൽ 18.11.2015 വരെ |
| | ശ്രീമതി.നളിനിയമ്മ.എസ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.രമേശ്.കെ.എസ് | 01.04.2015മുതൽ 03.09.2015 വരെ |
| | ശ്രീ.ഡി.ബാലചന്ദ്രൻ. (അസി.സെക്രട്ടറി-അഡീ.ചാർജ്) | 04.09.2015 മുതൽ 16.09.2015 വരെ, 26.11.2015മുതൽ 15.02.2016 വരെ |
| | ശ്രീ.ഫിലിപ്പ്.വി.എൻ | 17.09.2015മുതൽ 25.11.2015 വരെ, 16.02.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ.ഡി.ബാലചന്ദ്രൻ. | 01.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വൈശാഖൻ.ആർ.എൽ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ദീപ.എൽ | 01.04.2015മുതൽ |

| | | |
|---|---|---|
| ആയുർവ്വേദം | | 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സുജ | 01.04.2015മുതൽ 31.03.2016 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.കെ.ആർ.സന്തോഷ് | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽ കുമാർ.കെ പി | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ്. | ശ്രീമതി.സി.എൻ.രാധാമണി | 01.04.2015മുതൽ 31.03.2016 വരെ |
| ഐ,സി.ഡി.എസ് സൂപ്പർവൈസർ. | ശ്രീമതി.മറിയാമ്മ ഡാനിയൽ | 01.04.2015മുതൽ 30.12.2015വരെ |
| | ശ്രീമതി.അനീസ .കെ | 31.12.2015 മുതൽ 31.03.2016വരെ |
| വി.ഇ.ഒ. (ഏഴംകുളം) | ശ്രീമതി.ജാൻസി.കെ.എസ് | 01.04.2015മുതൽ 28.07.2015 വരെ |
| | ശ്രീ.കെ.ജയകുമാർ | 29.07.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. (കുളത്തുപ്പുഴ) | ശ്രീ.എം.ആർ.ബിനുകുമാർ | 01.04.2015മുതൽ 31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.2015. തിയതിയിലെ 1-ംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 21.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.12.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

ന്യൂനതകൾ

1.ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് വരവ്, ഡെപ്പോസിറ്റ് തിരികെ

നൽകൽ വർഷാവസാനമുള്ള ഡെപ്പോസിറ്റ് നീക്കി ബാക്കി എന്നിവയുൾപ്പെടുത്തി സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3.സ്റ്റോക്കിൻെറ മൂല്യം ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്കുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൻവർഷത്തിലെ നികുതി ഡിമാന്റ് വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6.സംയോജിത പ്രോജക്കുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 84899443/-രൂപ |
| വരവ് | 65649793/-രൂപ |
| ആകെ | 150549236/-രൂപ |
| ചെലവ് | 108467838/-രൂപ |
| നീക്കിയിരിപ്പ് | 42081398/-രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14548295 | 22199575 | 36747870 | 36747870 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6876762 | 11752000 | 18628762 | 18628762 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 3047877 | 3609883 | 6657760 | 6657760 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3956851 | 5267070 | 9223921 | 9223921 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3747656 | 4266234 | 8013890 | 8013890 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10826908 | 167122806 | 27539714 | 27539714 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 5035925 | 2345081 | 7381006 | 7381006 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 619817 | 619817 | 618817 | 1000 |
| ബി ഫണ്ട് | 0 | 3551400 | 3551400 | 3551400 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 154232123 | 146 | 84593720 | 52 | 18 | 67 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5657339 | 4603680 | -1053659 | 18.62 |
| നികുതിയേതര വരവുകൾ | 2150902 | 2110527 | -40375 | 1.87 |
| മറ്റുവരവുകൾ | 8451912 | 183033 | 8268879 | 55.53 |
| ആകെ | 16260153 | 6897240 | 9362913 | 57.58 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 216480 | 144 |
| കർഷകതൊഴിലാളി പെൻഷൻ | 4127280 | 458 |
| വിധവാപെൻഷൻ | 15379840 | 1580 |
| വാർദ്ധക്യകാലപെൻഷൻ | 10729380 | 2440 |
| വികലാംഗപെൻഷൻ | 4683040 | 446 |

| | | |
|---|---|---|
| 50വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 208480 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 941/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം എറെക്കുറെ ഫലപ്രദമാണ്.ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2016 | 10/2016 | 21.12.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.2013 | 2011-12 | 21.08.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല

2015-16 വർഷം 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള 10 മരാമത്ത് പ്രവൃത്തികൾ ഈ- ടെണ്ടറിലൂടെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾക്കുള്ള ടെണ്ടർ ഫോം വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 2015-16 വർഷം 30000/-രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

ഈ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ടെണ്ടർ ഫോം വില ചെലാൻ മുഖേന എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കുകയും ആയതിനു

ശേഷം മേൽ ചെലാൻ നമ്പർ ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺ ലോഡ് ചെയ്തെടുക്കുകയുമാണ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ നിയമപ്രകാരം വാറ്റ് ഇനത്തിൽ സർക്കാരിനു ലഭിക്കേണ്ട തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം ബാക്കി തുക അതാത് പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് കൈമാറേണ്ടതാണ്. ഇപ്രാകാരം ഇൗ-ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ 2015-16 വർഷം പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോം വില | ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ എണ്ണം | ടെണ്ടർ ഫോം വിൽപ്പന ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 1. | അമ്പലക്കടവ് അടവിക്കോണം റോഡ് റീ ടാറിംഗ് | 558200 | 1200 | 3 | 3600 |
| 2. | കുളത്തുപ്പുഴ യു.പി.എസ്. അറ്റകുറ്റപ്പണി | 500000 | 1000 | 3 | 3000 |
| 3. | കടമാങ്കോട് ശിവപുരം മെയിൻ റോഡ് പാച്ച് വർക്ക് ഐറിഷ് ഡ്രെയിൻ | 510000 | 1100 | 3 | 3300 |
| 4. | സാംനഗർ ചിറത്തലയ്ക്കൽ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 500000 | 1000 | 8 | 8000 |
| 5. | കല്ലുവെട്ടാംകുഴി H.S.S., ടെക്നിക്കൽ സ്കൂൾ എന്നിവയ്ക്ക് യൂറിനൽ | 500000 | 1000 | 3 | 3000 |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലക്സ് | | | | |
| 6. | വില്ലുമല സ്കൂളിന ക്ലാസ് റൂം നിർമ്മാണം | 500000 | 1000 | 2 | 2000 |
| 7. | കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ടോയിലെറ്റ് നിർമ്മാണം | 500000 | 1000 | 2 | 2000 |
| 8. | ചോഴിയക്കോട് K.J.K. പടിക്കൽ മെറ്റലിംഗ് ടാറിംഗ് | 610000 | 1300 | 3 | 3900 |
| 9. | ചോഴിയക്കോട് തേക്കുപറമ്പ് റോഡ് മെറ്റലിംഗ്,ടാറിംഗ് | 300000 | 600 | 2 | 1200 |
| 10. | കല്ലുവെട്ടാം കുഴി ഹൈസ്കൂൾ കുമരം കരിക്കം റോഡ് റീ ടാറിംഗ് | 300000 | 600 | 2 | 1200 |
| ആകെ | | | | | 30000 |

**2-2** <u>രണ്ടു നില കെട്ടിടം പണിയുന്നതിനായി അനുമതി നേടിയശേഷം മൂന്ന് നില കെട്ടിടം പണിതു. യാതൊരു ക്രമവത്കരണ നടപടികളും സ്വീകരിക്കാതെ സെക്രട്ടറി കെട്ടിട നമ്പർ നൽകി.</u>

ശ്രീമതി. ഷെർലി ബീഗം, നബിൻ വില്ല, 16 ഏക്കർ, കുളത്തുപ്പുഴ എന്ന വ്യക്തി 14ാം വാർഡിൽ "ഷെർലി ഓഡിറ്റോറിയം" എന്ന പേരിൽ രണ്ടു നിലകളുള്ള ഓഡിറ്റോറിയം പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി നേടിയശേഷം മൂന്ന് നിലകളുള്ള ഓഡിറ്റോറിയം പണിതു. കൃത്യമായ പരിശോധനകൾ നടത്താതെയും യാതൊരു ക്രമവത്കരണ നടപടികൾ സ്വീകരിക്കാതെയും സെക്രട്ടറി മേൽ ഓഡിറ്റോറിയത്തിന കെട്ടിട നമ്പർ അനുവദിച്ച നൽകി.

ശ്രീമതി. ഷെർലി ബീഗം കെട്ടിട നിർമ്മാണ പെർമിറ്റിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം ഓഡിറ്റോറിയത്തിനു രണ്ടു നിലകളും താഴത്തെ നിലയ്ക്ക് 340.33 $m^2$ വിസ്തീർണ്ണവും ഒന്നാമത്തെ നിലയ്ക്ക് 456.82 $m^2$ വിസ്തീർണ്ണവും ഉൾപ്പടെ ആകെ 797.15 $m^2$ വിസ്തീർണ്ണം കാണിച്ചിരുന്നു. അപേക്ഷ പരിശോധിച്ച ജില്ലാ ഠൗൺ പ്ലാനർ 26.08.10 ൽ സി.68/2010/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ ലേ ഔട്ട് പ്ലാൻ അംഗീകരിച്ച് 136/2010 നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 31/01/11 ൽ A3-7401/10 നമ്പരായി 797.15 $m^2$ വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനായി സെക്രട്ടറി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്.

15.10.14 ൽ ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയായതായി കാണിച്ചു ശ്രീമതി. ഷെർലി ബീഗം കംപ്ലീഷൻ പ്ലാൻ ഉൾപ്പടെ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്ലാൻ പരിശോധിച്ച അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. പ്ലാനിലെ അളവുകൾ പ്രകാരമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും ആകെ നിർമ്മിത വിസ്തീർണ്ണം 797.15 $m^2$ ആണെന്നും സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്കു റിപ്പോർട്ട് നൽകി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 03.03.15 ൽ കെട്ടിടത്തിനു XIV/630 എന്ന കെട്ടിട നമ്പർ അനുവദിച്ചു നൽകി. എന്നാൽ ശ്രീമതി. ഷെർലി ബീഗം കെട്ടിട നമ്പരിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള അഗ്നി ശമന സുരക്ഷാ വിഭാഗത്തിൽ നിന്നുള്ള B-5494/2014/ 30.10.14 നമ്പർ ഫൈനൽ എൻ.ഒ.സി. യിൽ ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂവിന്റെ പരിശോധനയിൽ മേൽ ഓഡിറ്റോറിയം 3 (B+G+1)നില കെട്ടിടമാണെന്നും, ആകെ നിർമ്മിത വിസ്തീർണ്ണം 992.17 $m^2$ ആണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് സെക്രട്ടറിക്കു അയച്ചു നൽകിയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടം പരിശോധിച്ചിട്ടുള്ള അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. യുടെ റിപ്പോർട്ടിലോ അപേക്ഷ പരിശോധിച്ചിട്ടുള്ള സെക്രട്ടറിയുടെ റിപ്പോർട്ടിലോ മേൽ വസ്തുത പരാമർശിച്ചിട്ടില്ല.

ഓഡിറ്റ് ടീം 21/12/16 ൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ മേൽ കെട്ടിടത്തിനു 3 (B+G+1) നിലകൾ ഉണ്ടെന്നും, ആകെ992.17 $m^2$ വിസ്തീർണ്ണമുണ്ടെന്നും അളന്നു ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ താഴത്തെ നിലയ്ക്ക് പിന്നിലായി 152.52 $m^2$ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണവും നടത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 1999ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ ചട്ടം 26A പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, ചട്ടം 55(2) പ്രകാരമുള്ള സെറ്റ് ബാക്കുകൾ, ചട്ടം 55(12),54(6)ടേബിൾ 9 എന്നിവ പ്രകാരമുള്ള വാട്ടർ ക്ലോസറ്റുകൾ, ചട്ടം 34 പ്രകാരമുള്ള കാർ പാർക്കിംഗ് ഏരിയ, ചട്ടം 101(A)പ്രകാരമുള്ള മഴവെള്ള സംഭരണി എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല.

മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങളോ പ്ലാനിൽ നിന്നും വ്യതിചലിച്ചു നടത്തിയിട്ടുള്ള നിർമ്മാണങ്ങളോ ക്രമവൽക്കരിക്കാതെ കെട്ടിടത്തിനു നമ്പർ അനുവദിച്ചു

നൽകാമെന്ന് റിപ്പോർട്ട് നൽകിയ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. യും കെട്ടിട നിർമ്മാണത്തെ കുറിച്ച് വ്യക്തമായ അറിവു ലഭിച്ചിരുന്നിട്ടും ആയത് മറച്ചുവച്ച് കെട്ടിട നമ്പർ അനുവദിച്ചു നൽകിയ സെക്രട്ടറിയും കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായും അധികാര ദുർവിനിയോഗം നടത്തിയിട്ടുള്ളതായും വ്യക്തമാകുന്നു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന മേൽ ഓഡിറ്റോറിയത്തിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ആരാഞ്ഞ് 22.12.16 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ഉത്തരവാദികളായ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി., സെക്രട്ടറി എന്നിവർക്കെതിരെ വകുപ്പ് തല അന്വേഷണത്തിനു ശുപാർശ ചെയ്യുന്നു. മേൽ കെട്ടിടം ഉടനടി അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തേണ്ടതും കെട്ടിടത്തിനു നൽകിയിട്ടുള്ള കെട്ടിട നമ്പർ റദ്ദു ചെയ്യേണ്ടതുമാണ്. കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിട ഉടമയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും ക്രമവത്കരിക്കപ്പെടുന്നതുവരെ അനധികൃത നിർമ്മാണങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഈടാക്കേണ്ടതായ നികുതി ചുമത്തേണ്ടതുമാണ്. കെട്ടിട ഉടമ ക്രമവത്കരണത്തിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനു സെക്രട്ടറി നടപടിയെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-3 <u>കെട്ടിടനിർമ്മാണ ചട്ടങ്ങളും ജില്ലാ ൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് പണിതിട്ടുള്ള ഓഡിറ്റോറിയത്തിനു കെട്ടിട നമ്പർ അനുവദിച്ചു നൽകി.</u>

കെട്ടിടനിർമ്മാണ ചട്ടങ്ങളും ജില്ലാ ൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായി ലംഘിച്ച് ഗ്രാമപഞ്ചായത്തിന്റെ 10ാം വാർഡിൽ ശ്രീ.അൻസർ ജമാലുദ്ദീൻ, അൻവർ മൻസിൽ, മൈലമൂട്, ഡാലി എന്ന വ്യക്തി പണിതിട്ടുള്ള " ഇഷാൽ കൺവെൻഷൻ സെന്റർ" എന്ന ഓഡിറ്റോറിയത്തിനു ക്രമ വിരുദ്ധമായി സെക്രട്ടറി നമ്പർ അനുവദിച്ചു നൽകിയിരിക്കുന്നു. 3 നിലകളിലായി പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നില സമ്മേളന ഹാൾ എന്നും ഒന്നാമത്തേയും രണ്ടാമത്തേയും നിലകൾ വാണിജ്യാവശ്യത്തിനുള്ളവ എന്നും രേഖപ്പെടുത്തിയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ നേടിയിയിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടം കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഒരു ഓഡിറ്റോറിയം ആണന്ന് ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തി.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളന വിഭാഗത്തിൽ ഉൾപ്പെടുന്ന ആകെ നിർമ്മിത വിസ്തീർണ്ണം 500 $m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 500 $m^2$ നു മുകളിലും 1000 $m^2$വരെയുള്ളവയ്ക്ക് ജില്ലാ ൗൺപ്ലാനറിൽ നിന്നും 1000 $m^2$ മുകളിലുള്ളവയ്ക്ക് ചീഫ് ൗൺപ്ലാനറിൽ നിന്നും അനുമതി നേടേണ്ടതാണ്. 3 നിലകളിലായി 1236 $m^2$

വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനുള്ള ശ്രീ.അൻസർ ജമാലുദ്ദീന്റെ അപേക്ഷ കെട്ടിട നിർമ്മാണചട്ടങ്ങൾ ലംഘിക്കുന്നതിനാൽ 2013 ൽ ചീഫ് ഠൗൺപ്ലാനർ നിരസിച്ചിട്ടുള്ളതാണ്. തുടർന്ന് മേൽ വ്യക്തി 498 $m^2$ തറ വിസ്തീർണ്ണത്തിൽ താഴത്തെ നില മാത്രം പണിയുന്നതായി കാണിച്ച് 14/08/14 ൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടുകയും 06.03.15 ൽ പണി പൂർത്തീകരിച്ച് കംപ്ലീറ്റഡ് പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പരിശോധിച്ച അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. കെട്ടിട നിർമ്മാണം പ്ലാൻ പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തുകയും സെക്രട്ടറി കെട്ടിടത്തിനു X/641 എന്ന കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്.

തുടർന്ന് 26/03/15 ൽ നിലവിലുള്ള കെട്ടിടത്തിനു മുകളിലായി വാണിജ്യാവശ്യത്തിനായി 103 $m^2$ വീതമുള്ള 2 നിലകൾ കൂടി പണിയുന്നതായി പഞ്ചായത്തിൽ പെർമിറ്റിനു ശ്രീ.അൻസർ ജമാലുദ്ദീൻ അപേക്ഷ സമർപ്പിക്കുകയും സെക്രട്ടറി മേൽ അപേക്ഷ 23.04.15 ൽ ജില്ലാ ഠൗൺ പ്ലാനർക്ക് അയച്ചു നൽകുകയും ചെയ്തിരുന്നു. ജില്ലാ ഠൗൺപ്ലാനറുടെ 06.06.15 ലെ സി./702/2015/കെഡിസ് നമ്പർ ഉത്തരവ് പ്രകാരം മേൽ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശത്തോടും നിർമ്മിക്കാനുദ്ദേശിക്കുന്ന വാണിജ്യ കെട്ടിടം ഒരു കാരണവശാലും ഓഡിറ്റോറിയത്തിന്റെ "എക്സ്റ്റൻഷൻ" എന്ന രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധനയോടും കൂടി പ്ലാൻ അംഗീകരിച്ചു സെക്രട്ടറിക്കു അയച്ചു നൽകിയിരുന്നു. അതിൻപ്രകാരം സെക്രട്ടറി 06/15 ൽ നിർമ്മാണനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 11.08.15 ൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുള്ളതായി കാണിച്ച് ശ്രീ.അൻസർ ജമാലുദ്ദീൻ പഞ്ചായത്തിൽ അപേക്ഷ നൽകുകയും അപേക്ഷ പരിശോധനയ്ക്കായി സെക്രട്ടറി എൽ.എസ്.ജി.ഡി സെക്ഷനു കൈമാറുകയും ചെയ്തിരുന്നു. മേൽ നിർമ്മാണം പരിശോധിച്ച അസിസ്റ്റന്റ് എൻജിനീയർ ആയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാകാരമാണെന്ന് 12.08.15 ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 13.08.15 ൽ മേൽ കെട്ടിടങ്ങൾക്ക് X/682, X/683 എന്നീ നമ്പരുകൾ അനുവദിച്ചു നൽകി.

ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തോടൊപ്പം 128 $m^2$ഉം ഒന്നാമത്തെ നിലയിലെ നിലവിലുള്ള തറവിസ്തീർണ്ണത്തോടൊപ്പം 523 $m^2$ ഉം അനധികൃതമായി നിർമ്മിച്ചിരിക്കുന്നതായി കണ്ടെത്തി. കൂടാതെ ജില്ലാ ഠൗൺപ്ലാനറുടെ 06.06.15 ലെ ഉത്തരവിനു വിരുദ്ധമായി ഒന്നാമത്തെയും രണ്ടാമത്തേയും നിലകൾ ഓഡിറ്റോറിയമായി ഉപയോഗിക്കുന്നതായും കണ്ടെത്തി. 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം സമ്മേളന വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന 800 $m^2$ നു മുകളിലുള്ളവയ്ക്ക് വേണ്ട സെറ്റ് ബാക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 30 പ്രകാരമുള്ള മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളോ, ചട്ടം 47 പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങളോ, ചട്ടം 38 പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങളോ, ചട്ടം 56 പട്ടിക 6 പ്രകാരമുള്ള ശുചീകരണ സംവിധാനങ്ങളോ ഒരുക്കിയിട്ടില്ല.

വാണിജ്യ കെട്ടിടങ്ങളായി കാണിച്ച് നമ്പർ നേടിയശേഷം ഓഡിറ്റോറിയമാക്കി മാറ്റിയ മേൽ കെട്ടിടത്തിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ആരാഞ്ഞ് 22.12.16 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.8 ന് മറുപടി ഹാജരാക്കിയിരുന്നില്ല. നിലവിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും ലംഘിച്ചും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് പാലിക്കാതെയും പണിതിട്ടുള്ള മേൽ ഓഡിറ്റോറിയത്തിനു സെക്രട്ടറി നമ്പരിട്ടു നൽകിയതു ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു നമ്പർ ഇട്ടു നൽകിയിട്ടുള്ള സെക്രട്ടറിയുടെ നടപടിക്ക് എതിരെ വകുപ്പ് തല അന്വേഷത്തിനു ശുപാർശ ചെയ്യുന്നു. മേൽ കെട്ടിടത്തിനു നൽകിയിട്ടുള്ള കെട്ടിട നമ്പരുകൾ ഉടനടി റദ്ദു ചെയ്യേണ്ടതും കെട്ടിടത്തെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കെട്ടിടത്തിന്റെ പ്ലാൻ ചീഫ് ടൗൺപ്ലാനർക്ക് അയച്ചു നൽകി റഗുലറൈസ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് കത്ത് നൽകേണ്ടതും കെട്ടിടം ക്രമവത്കരിക്കപ്പെടുന്നതുവരെ അനധികൃത നിർമ്മാണങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഈടാക്കേണ്ടതായ നികുതി ചുമത്തേണ്ടതുമാണ്. കെട്ടിട ഉടമ ക്രമവത്കരണത്തിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനു സെക്രട്ടറി നടപടിയെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>മീഡിയാശ്രീ--ഡോക്യുമെന്ററി തയ്യാറാക്കിയില്ല-65000 /-രൂപാ തടസ്സപ്പെടുത്തുന്നു.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മീഡിയാശ്രീ പ്രോജക്ടിനായി ചെക്ക് നം 169969/23.9.2015 പര്കാരം തനത് ഫണ്ടിൽ നിന്നും 65000/-രൂപാ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിലേയ്ക്ക് കുടുംബശ്രീ മിഷൻ സംസ്ഥാനഡയറക്ടർക്ക് നൽകിയെങ്കിലും നാളിതുവരെ വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല.

20-03-15 ലെ സ.ഉ(സാധാ)നം. 813/15/2015തസ്വഭവ ഉത്തരവിലെ നിർദേശങ്ങളെ ആധാരമാക്കി തയ്യാറാക്കിയ തിരക്കഥ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച തിരക്കഥയും പദ്ധതിക്കുള്ള തുകയും ലഭിച്ചു കഴിഞ്ഞാൽ 60 ദിവസത്തിനകം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കി 10 പകർപ്പുകൾ നൽകുന്നതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുമായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല. ആയതിനാൽ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുള്ള വീഡിയോഡോക്യുമെന്ററികൾ തയ്യാറാക്കുന്നതിലേയ്ക്ക് നൽകിയ 65000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മാർഗനിർദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഡോക്യുമെന്ററികൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-2 സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകി കമ്പ്യൂട്ടറുകൾ വാങ്ങി.

ഹെഡ് മിസ്ട്രസ് നിർവഹണം നടത്തിയ ഗവ. എൽ പി,യുപി സ്കൂളുകൾക്ക് കമ്പ്യൂട്ടർ (നം.130/16), കല്ലുവെട്ടാം കുഴി എച്ച് എസ് എസിനു കമ്പ്യൂട്ടർ (നം.214/16) എന്നീ പ്രോജക്ടുകളിൽ സ്കൂളുകളിൽ അവശ്യമുള്ള കമ്പ്യൂട്ടറുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയ നിരക്കിൽ അധികരിച്ച് കമ്പ്യൂട്ടറുകൾ വാങ്ങി നല്കിയിരിക്കുന്നു.

സ്കൂളുകളിൽ വിതരണം ചെയ്യുന്ന ICT ഉപകരണങ്ങൾക്കുള്ള കുറഞ്ഞ സ്പെസിഫിക്കേഷനുകളും പരമാവധി വിലയും നിശ്ചയിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 05.12.14ലെ NEP3/62736/2012/DPIനം. ഉത്തരവ് പ്രകാരം സ്കൂളുകളിൽ വാങ്ങാവുന്ന ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില 24,100/- രൂപയാണ്. 21.11.16 ൽ പുറപ്പെടുവിച്ച NEP3/10192/15/DPIനം. ഉത്തരവിൽപോലും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില 24,830/- രൂപയാണ്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ സ്കൂളുകളിൽ ICT ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാതെ മറ്റ് സ്ഥാപനത്തിൽ നിന്ന് വ്യത്യസ്ത സ്പെസിഫിക്കേഷനിൽ ഉള്ള ഉപകരണങ്ങൾ വാങ്ങേണ്ടി വന്നാലും മേൽ ഉത്തരവിലെ വില അധികരിച്ച് വാങ്ങാൻ പാടില്ലായെന്നും പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഗവ. എൽ പി,യുപി സ്കൂളുകൾക്ക് കമ്പ്യൂട്ടർ (നം.130/16)

29.03.16 ലെ ബിൽ നം. 3/15-16 പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് പിൻവലിച്ച 256746/- രൂപ നൽകി എഫ് 1 സൊല്യൂഷൻസ്, എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്ന് 18.03.16ലെ 585-ം നമ്പർ ഇൻവോയ്സ് പ്രകാരം 6 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 6 വി-ഗാർഡ് യുപിഎസും ടെണ്ടർ നടപടിയിലൂടെ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ അവശ്യമുള്ള കമ്പ്യൂട്ടറുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകിയാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്.

18.03.16ലെ 585-ം നമ്പർ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത Acer Veriton M200-H81 ,with Intel Core i3 4130 Processor ,Intel H81 Chipset Motherboard,4GB DDR3 RAM,500 GB SATA Harddisc,DVD driver,18.5" Color Monitor ,windows 7 prof pre loaded mediaഎന്ന സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ 38466.67/- രൂപ വീതമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില 24,100/-രൂപയാണ്.ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികമായി 90510/-രൂപ (38466.67x6+5%നികുതി - 24,100 x 6+5%നികുതി =242340 – 151830 =90510/-) നൽകിയിരിക്കുന്നു. .

2. കല്ലുവെട്ടാം കുഴി എച്ച് എസ് എസിന്റെ കമ്പ്യൂട്ടർ (നം.214/16)

തനത് ഫണ്ടിൽ നിന്ന് 86580/-രൂപ പിൻവലിച്ച് ഡിഡി നം 459784/31.3.2016 പ്രകാരം എഫ് 1 സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നല്കി ഇൻവോയ്സ് നം 584/18.3.2016 പ്രകാരം 2 കമ്പ്യൂട്ടറുകളും 2 വി ഗാർഡ് യുപിഎസും ടെണ്ടർ നടപടിയിലൂടെ വാങ്ങി. Acer Veriton M200-H81, with Intel Core i3 4130 Processor, Intel H81 Chipset Motherboard, 4GB DDR3 RAM, 500 GB SATA Harddisc, DVD driver,18.5" Color Monitor, windows 7 prof pre loaded media എന്ന സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ 38942.86/- രൂപ വീതമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില24,100/-രൂപയാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികമായി 31170 /-രൂപ (38942.86 x 2 + 5%നികുതി - 24,100x2+5% നികുതി = 81780 – 50610 =31170/-) നല്കിയിരിക്കുന്നു.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 22.12.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പ്രോജക്ടുകളിലായി അധികമായി നല്കിയ തുക 121680/-രൂപ (90510+31170) ഉപകരണങ്ങൾ നല്കിയ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 ഏഴംകുളം വിഇഒ നടപ്പാക്കിയ ഭവന പുനരുദ്ധാരണം പ്രോജക്ടിലെ അപാകതകൾ

2015-16 വർഷം ഏഴംകുളം വിഇഒ നടപ്പാക്കിയ ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിൽ (98/16) പദ്ധതിപ്പണം പിൻവലിച്ച ശേഷം ഗുണഭോക്താവിന് വിതരണം ചെയ്യാതിരിക്കുക, വ്യക്തികൾക്ക് അനുവദനീയ സബ്സിഡിയിലധികം നല്കുക തുടങ്ങി നിരവധി ക്രമക്കേടുകൾ ഉണ്ടായിരിക്കുന്നു.അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 10 ലക്ഷം രൂപയും അടങ്കൽ വച്ച് നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ വിവിധ ബില്ലുകൾ പ്രകാരം 21 ലക്ഷം രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 25000/-രൂപ വീതം ഭവന പുനരുദ്ധാരണത്തിന് സബ്സിഡിയായി നല്കുക എന്നതാണ് ലക്ഷ്യം. 84 ഗുണഭോക്താക്കൾക്കാണ് 21 ലക്ഷം രൂപ പിൻവലിച്ചതെങ്കിലും 71 അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

2. നിർവഹണ ഉദ്യോഗസ്ഥൻ ബിൽ പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുക അഞ്ചൽ എസ് ബി റ്റിയിൽ നിന്ന് ഡിഡി ആയി മാറ്റി ഗ്രാമീൺ ബാങ്കിന്റെ കുളത്തുപ്പുഴ ബ്രാഞ്ചിലെ 40598101036996 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ച് വിവിധ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കുകയാണ് തൻവർഷം ചെയ്തിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച 175000/- രൂപ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന് ഗ്രാമീൺ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. [ബിൽ നം-6/15-16 /16.3.16-100000/- രൂപ ബിൽ നം-7/15-16/16.3.16 75000/-രൂപ]. ടി തുകയുടെ വിനിയോഗ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക 1,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതും പണാപഹരണമായി കണക്കാക്കി തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

3. ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു. ബിൽ നമ്പർ 5/15-16 /4.3.16 പ്രകാരം പിൻവലിച്ച 2 ലക്ഷം രൂപയിൽ നിന്നും 75000/- രൂപ ശ്രീമതി. റഷീദാബീവി, വാർഡ് 2 എന്ന വ്യക്തിയുടെ കുളത്തുപ്പുഴ എസ് ബിറ്റി യിലുള്ള 67068130161 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിരിക്കുന്നു.

കൂടാതെ ബിൽ നമ്പർ 9/15-16/30.3.16 പ്രകാരം പിൻവലിച്ച 2 ലക്ഷം രൂപയിൽ നിന്നും മായ എന്ന വ്യക്തിയുടെ കുളത്തുപ്പുഴ എസ് ബിറ്റി യിലുള്ള 67344279007 എന്ന അക്കൗണ്ടിലേക്ക് 50000/-രൂപ നല്കിയിരിക്കുന്നു.

അംഗീകൃത ഗുണഭോക്താക്കളല്ലാത്ത മേൽ വ്യക്തികൾക്ക് നല്കിയ 125000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ സബ്സിഡി തുകയായ 25000/-രൂപയിൽ അധികരിച്ച് പ്രസ്തുത വ്യക്തികൾക്ക് തുക അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി5/22.12.16 ന് രേഖകൾ ഹാജരാക്കാം എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്.തൃപ്തികരമായ മറുപടി ഹാജരാക്കാത്ത പക്ഷം തടസപ്പെടുത്തിയ തുക നിരാകരിക്കുന്നതും തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

## 3-4 കാലിത്തീറ്റ വിതരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സബ്സിഡി നൽകി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി നിശ്ചിത നിരക്കിൽ സബ്സിഡി കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന നൽകണമെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ, ക്ഷീര സംഘത്തിന്റെ ഗണത്തിൽപെടാത്ത സംഘടന മുഖേന വിതരണം ചെയ്ത കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചു. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം വികസന ഫണ്ടിൽ നിന്നും 540000/- രൂപ വീതം ചെലവഴിച്ച് നടപ്പിലാക്കിയ കാലിത്തീറ്റ സബ്സിഡി പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി ഇനത്തിൽ 180000/- രൂപ ലൈവ് സ്റ്റോക്ക് ബ്രീഡേഴ്സ് അസോസിയേഷൻ കുളത്തുപ്പുഴ എന്ന സംഘടനയ്ക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ :10/15-16/21.3.16

ഡിഡി നമ്പർ:459063/22.3.16 ,180000/-രൂപ

കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നും, ക്ഷീര സംഘങ്ങൾ എന്നുള്ളത് സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സംഘങ്ങളും ഡയറി ഡവലപ്മെന്റ് വകുപ്പ് അംഗീകരിച്ച സംഘങ്ങളുമാണെന്നും 29.09.2012 ലെ ജി.ഒ. (എം.എസ്.) 248/2012/ തസ്വഭവ, 16.11.2013 ലെ സ.ഉ. (എം.എസ്.) 362/2013 തസ്വഭവ ഉത്തരവുകൾ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖകളിൽ വ്യക്തമായിരിക്കെ അത്തരം ഗണത്തിൽ പെടാത്ത സ്ഥാപനമായ ലൈവ് സ്റ്റോക്ക് ബ്രീഡേഴ്സ് അസോസ്സിയേഷൻ വഴി കാലിത്തീറ്റ വിതരണത്തിന് സബ്സിഡി അനുവദിച്ചത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

പ്രസ്തുത സംഘടന വഴി സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭിച്ച ഗുണഭോക്താക്കൾ ക്ഷീര സംഘങ്ങളിൽ നൽകിയ പാലിന്റെ അളവ് സംബന്ധമായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2013-14, 14-15 വർഷങ്ങളിലും പ്രസ്തുത അപാകത ഉണ്ടായിട്ടുള്ളത് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സബ് സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി കാലിത്തീറ്റ വിതരണത്തിനായി ചെലവഴിച്ച 180000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം പരിഹരിക്കേണ്ടതാണ്.

## 3-5 <u>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കിയില്ല. 625000/-രൂപ തടസ്സപ്പെടുത്തുന്നു.</u>

പദ്ധതിക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് താഴെ പറയും പ്രകാരം തുക നല്കി.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | ഡിഡി നമ്പർ/ തീ |
|---|---|---|---|---|
| 1 | 14/16 | 15/15-16 /30.3.16 | 625000 | 459616/31.3.16 |
| | | ആകെ | 625000 | |

എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് , ഇൻഷ്വറൻസ്, തീറ്റ വിതരണം മുതലായ വിവരങ്ങളും, ഫണ്ടിന്റെ വിനിയോഗ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ തുക 6,25,000/--രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 പച്ചയിൽകട അംഗൻവാടിയ്ക്ക് കെട്ടിട നിർമ്മാണം- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം : 142/16(സ്പിൽ ഓവർ)

ചെലവ് : 7,96,227/-

ബിൽ നം. : 38/15-16/31.10.15

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വണോദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ടി പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു;

1. പദ്ധതിയുടെ കൺവീനർമാരായ ശ്രീമതി ഹേമലത, ശ്രീ രാജു എന്നിവർക്കായി യഥാക്രമം 6,00,000/- രൂപയും 1,96,227/-രൂപയും വീതം ആകെ 7,96,227/- രൂപ നൽകിയെങ്കിലും 5,27,153/- രൂപയുടെ വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ.
2. ഹാജരാക്കിയതിൽ 1,37,719/-രൂപയുടെ വൗച്ചറുകൾ, പണിപൂർത്തിയാക്കിയ 8.9.2015-ന് ശേഷമുള്ള തീയതികളിലേതാണ്.
3. മസ്റ്റർ റോളുകൾ ഹാജരാക്കിയിട്ടില്ല.
4. ഗുണഭോക്തൃസമിതിയുടെ വരവുചെലവു കണക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/20.12.16-ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 7,96,227/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 മിൽക്ക് ചില്ലിംഗ്ടൗൺ പ്ലാന്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി-രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം : 144/16

ചെലവ് : 1,49,748/-രൂപ

ബിൽ നം. : 29/15-16/31.7.2015

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ടി പ്രോജക്റ്റ് പ്രകാരം കൺവീനർ ശ്രീ നസീറിന് 1,49,748/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിനാധാരമായ വൗച്ചറുകൾ, മസ്റ്റർ റോളുകൾ, ഗുണഭോക്തൃസമിതിയുടെ വരവുചെലവ് കണക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/20.12.16-ന് ലഭിച്ച മറുപടി യിൽ കൺവീനർ പ്രവൃത്തി ക്വട്ടേഷൻ മുഖേന ചെയ്തതിനാൽ രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന് പറയുന്നു. ഇത് അംഗീകരിക്കാനാകുന്നതല്ല. അതിനാൽ 1,49,748/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-8** <u>പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെട്ടുന്നു.</u>

താഴെ പറയുന്ന പ്രകാരം വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽനിന്നും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല;

| ക്രമ നം. | പ്രോജക്റ്റ്നം./പേര് | തുക | കൈപ്പറ്റിയ സ്ഥാപനം | ബിൽ നം. |
|---|---|---|---|---|
| (1) | 20/16-IAY വിഹിതം(ജനറൽ) | 12,35,000 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 12/15-16 /27.1.16 |
| (2) | 23/16-IAY വിഹിതം-SCP | 12,35,000 | -ടി- | 13/15-16 /27.1.16 |
| (3) | 24/16-IAY വിഹിതം-TSP | 13,95,000 | -ടി- | 14/15-16 /27.1.16 |
| (4) | 115/16-കൊല്ലം ജില്ലാആശുപത്രി-കിഡ്നിവെൽഫയർ ഫൗണ്ടേഷൻ | 1,00,000 | കൊല്ലം ജില്ലാപഞ്ചായത്ത് | 23/15-16 /6.3.16 |
| (5) | 116/16-കൊല്ലം ജില്ലാആശുപത്രി-MRI സ്കാൻ | 2,00,000 | -ടി- | 24/15-16 /19.3.16 |
| (6) | 231/16-IAY ബാലൻസ് വിഹിതം(SCP) | 6,50,000 | അഞ്ചൽബ്ലോക്ക് പഞ്ചായത്ത് | 37/15-16 /31.3.16 |
| (7) | 232/16-IAYവിഹിതം(ജനറൽ)2016-17 | 11,05,000 | -ടി- | 40/15-16 /31.3.16 |
| (8) | 233/16-IAYവിഹിതം(SCP)2016-17 | 18,85,000 | -ടി- | 38/15-16 /31.3.16 |

| | | | | |
|---|---|---|---|---|
| (9) | 234/16-IAYവിഹിതം(TSP)2016-17 | 13,50,000 | -ടി- | 36/15-16 /31.3.16 |
| | ആകെ | 91,55,000 | | |

വിനിയോഗക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 91,55,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ-നാളിതുവരെ മരുന്ന് ലഭിച്ചില്ല

പ്രോജക്റ്റ് നം. :112/16

ചെലവ് : 50,000/-രൂപ

ബിൽ നം. :29/15-16/26.3.16

സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി ചെയ്ത ടി പ്രോജക്റ്റ് പ്രകാരം NRHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 പൊതു തിരഞ്ഞെടുപ്പ്- വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ചെലവഴിച്ച തുക കേരള സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

കേരള സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷന്റെ 21.03.2015 ലെ2614/എഫ്/2014 സം.തി.ക പ്രകാരം 2015ലെ പൊതു തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിലേക്കായി ഹൗസ് വെരിഫിക്കേഷൻ നടത്തുന്ന ഉദ്യോഗസ്ഥർക്ക് (എച്ച്.വി.ഒ) നൽകുന്ന ഓണറേറിയമായി തനത് ഫണ്ടിൽ നിന്നും ഓരോ അസംബ്ലി ബൂത്തിനും 2000രൂപാ നിരക്കിൽ 26 പേർക്ക് 52,000/- രൂപ നൽകിയിരുന്നു. ഇതിൽ 500/- രൂപ പഞ്ചായത്ത് വിഹിതവും 1,500/- രൂപ തെരഞ്ഞെടുപ്പ കമ്മീഷന്റെ വിഹിതവുമാണ്. കേരള സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷന്റെ വിഹിതമായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിതരണം നടത്തിയ 39,000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/23.12.2016 ന് മറുപടി നൽകിയിട്ടില്ല. കമ്മീഷൻ വിഹിതമായി ലഭ്യമാകേണ്ടിയിരുന്ന ഈ തുക കേരള സംസ്ഥാന തെരഞ്ഞെടുപ്പ കമ്മീഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

**3-11** <u>കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു.</u>

2015-2016 വർഷത്തിൽ കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രേഖകൾ കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് നൽകി വരുന്നതായി സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു. പഞ്ചായത്തിൽ നാളിതുവരെ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ ആരാഞ്ഞ് കൊണ്ട് 23.12.2016ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് ഹാജരാക്കിയ കെ.എസ്.ഇ.ബി. കുളത്തുപ്പുഴ സെക്ഷനിൽ നിന്നും നൽകിയ വിശദമായ ബില്ല് പ്രകാരം കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന പ്രകാരം തരുവുവിളക്കുകൾക്ക് പ്രവർത്തന ചാർജ്ജ് ഈടാക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | ഉപയോഗ സമയം (മണിക്കൂർ) | നിരക്ക് | തുക |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 299 | 12 | 61 | 18,239 |
| സിംഗിൾ ട്യൂബ് (40 വാട്ട്സ്) | 172 | 12 | 61 | 10,492 |
| ഡബിൾ ട്യൂബ് (2 x 40 വാട്ട്സ്) | 138 | 12 | 124 | 17,112 |
| സി.എഫ്.എൽ (2x11 വാട്ട്സ്) | 757 | 12 | 14 | 10,598 |
| എസ്.വി.എൽ (250 വാട്ട്സ്) | 40 | 12 | 414 | 16,560 |
| ആകെ | 1,406 | | | 73,001 |

മേൽ ബില്ലിൽ 299 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിലേയ്ക്ക് പ്രതിമാസം 18,239/- രൂപ നൽകുന്നുണ്ട്. നിലവിൽ അഡാട്ട് മോഡൽ രീതിയിലാണ് തെരുവ് വിളക്കുകൾ പരിപാലിക്കുന്നത്. ആയതിലെ രജിസ്റ്ററിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഇപയോഗിക്കുന്നില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്.ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വക്തമാക്കുന്നു. മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/23.12.2016ന് കേവലം വിശദമായ ബില്ല് ഹാജരാക്കിയതല്ലാതെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇല്ലാത്ത 299 ഓർഡിനറി ബൾബുകൾക്ക് നിലവിൽ 18,239/- രൂപ കറന്റ് ചാർജ് ഒടുക്കിവരുന്നു. ആയതിനാൽ കെ.എസ്.ഇ.ബിയിൽ നിന്നും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സംയുക്ത പരിശോധന നടത്തുന്നതിനും അധികം ഈടാക്കിയ തുക ക്രമീകരിക്കുന്നതിനും കെ.എസ്.ഇ.ബിയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടാകുകയാണഎങ്കിൽ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് പരിചരണം അവശ്യ മരുന്നുകളും സഹായ ഉപകരണങ്ങളും തുക നൽകി ഒരുവർഷമായിട്ടും ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് പരിചരണം പദ്ധതി (പദ്ധതി നമ്പർ എസ്.0040/2016) പ്രകാരം കെ.എം.സി.എല്ലിന് പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക നൽകി ഒരു വർഷത്തിന് ശേഷവും അവശ്യ മരുന്നുകളും സഹായ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഫണ്ട് - വികസന ഫണ്ട്

അടങ്കൽ തുക - 4,06,630/-

ബിൽ നമ്പർ - 05/2015-2016 തീയതി-16.03.2016

പാലിയേറ്റീവ് രോഗികൾ അനുഭവിക്കുന്ന ശാരീരികവും മാനസികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ ആവിഷ്കരിച്ച പദ്ധതി പ്രകാരം പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി കെ.എം.സി.എല്ലിന് പി.ആർ.എഫ് 1329/03.12.2016 പ്രകാരം മരുന്നിനായി നൽകിയ 1,00,000/-രൂപയിൽ 44,651/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ പി.ആർ.എഫ് പ്രകാരം 1,00,000/- രൂപ നൽകിയതായിട്ടുള്ള രേഖകളോ കെ.എം.സി.എല്ലിന്റെ കൈപ്പറ്റ് രസീതോ ഹാജരാക്കിയിട്ടില്ല. കിടപ്പ് രോഗികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി പി.ആർ.എഫ് 2281/03.02.2016 പ്രകാരം നൽകിയ 9,415/- രൂപയുടെ ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 23.12.2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കെ.എം.സി.എല്ലിൽ നിന്നു മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക ലഭിച്ച | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 8100 | 2/2016 നെൽകൃഷി വികസനം | 8100 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 13500 | 2/2016നെൽകൃഷി വികസനം | 13500 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 501000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 501000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 501000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10605/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3(4) | 855/- | മധുസൂദനൻ പിള്ള | 11501100697/4.5.15 |

| | | | | |
|---|---|---|---|---|
| 2012-13 | 3(10) | 9750/- | ഡോ.എൻ.കെ . സുഭാഷ് ചന്ദ്രൻ, വെറ്ററിനറി സർജൻ | 11501104734/9.3.2016 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-01 | പട്ടികജാതി ദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 34 | 2003-04 | പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 150549236 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108467838 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 246680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11195975 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2(1) | | 90510 | ശ്രീമതി.സി.എൻ.രാധാമണി,ഹെഡ്മിസ്ട്രസ്സ്. |
| 3-2(2) | | 31170 | ശ്രീമതി.സി.എൻ.രാധാമണി,ഹെഡ്മിസ്ട്രസ്സ്. |
| 3-3 | | 125000 | ശ്രീമതി.ജാൻസി.കെ.എസ്,വി.ഇ.ഒ(ഏഴംകുളം) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000 | ശ്രീ.ഡി.ബാലചന്ദ്രൻ.അസിസ്റ്റന്റ് സെക്രട്ടറി. |
| 3-3 | 175000 | ശ്രീമതി.ജാൻസി.കെ.എസ്,വി.ഇ.ഒ. (ഏഴംകുളം) |
| 3-4 | 180000 | ഡോ.കെ.ആർ.സന്തോഷ്,സീനിയർ വെറ്ററിനറി സർജൻ |
| 3-5 | 625000 | ഡോ.കെ.ആർ.സന്തോഷ്,സീനിയർ വെറ്ററിനറി സർജൻ |
| 3-6 | 796227 | ശ്രീ.വൈശാഖൻ.ആർ.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 149748 | ശ്രീ.വൈശാഖൻ.ആർ.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 9155000 | ശ്രീ.ഫിലിപ്പ്.വി.എൻ,സെക്രട്ടറി |
| 3-9 | 50000 | ശ്രീ.ഫിലിപ്പ്.വി.എൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.സി.എൻ.രാധാമണി, ഹെഡ്മിസ്ട്രസ്സ്. | ഹെഡ്മിസ്ട്രസ്സ്,ഗവ.യുപി സ്കൂൾ,കുളത്തുപ്പുഴ | അരുണോദയം, ഡീസന്റ് ജംഗ്ഷൻ, വില്ലുവിള പിഒ,കുളത്തുപ്പുഴ |
| ശ്രീമതി.ജാൻസി.കെ.എസ്,വി.ഇ.ഒ.(ഏഴംകുളം) | വി.ഇ.ഒ. (ഏഴംകുളം) | അജിന മൻസിൽ, നെല്ലിമൂട്, കുളത്തുപ്പുഴ |

## 4-9. തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-1997 | എൽ.എഫ്.ക്യൂ-പി4/150/97 തീയതി 19.01.2000 |
| 1997-1998 | എൽ.എഫ്.ക്യൂ-പി4/1139/98 തീയതി 14.10.1999 |
| 1998-1999 | എൽ.എഫ്.ക്യൂ-പി4/1427/99 തീയതി 05.09.2000 |
| 1999-2000 | എൽ.എഫ്.ക്യൂ-പി4/1099/03 തീയതി 16.03.2004 |
| 2000-2001 | എൽ.എഫ്.ക്യൂ-പി4/591/04 തീയതി 14.10.2004 |
| 2001-2002 | എൽ.എഫ്.ക്യൂ-പി4/1420/04 തീയതി 18.01.2005 |
| 2002-2003 | എൽ.എഫ്.ക്യൂ-പി4/694/04 തീയതി 28.04.2005 |
| 2003-2004 | എൽ.എഫ്.ക്യൂ-പി4/447/07 തീയതി 30.03.2007 |
| 2004-2005 | എൽ.എഫ്.ക്യൂ-പി4/448/07 തീയതി 30.03.2007 |
| 2005-2006 | എൽ.എഫ്.ക്യൂ-പെൻ-96(1)/09 തീയതി 03.02.2009 |
| 2006-2007 | എൽ.എഫ്.ക്യൂ-പെൻ-86/09 തീയതി 03.02.2009 |
| 2007-2008 | എൽ.എഫ്.ക്യൂ-പി4/1182/11 തീയതി 07.12.2011 |

| | |
|---|---|
| 2008-2009 | എൽ.എഫ്.ക്യ-പി4/1325/14 തീയതി 19.06.2014 |
| 2009-2010 | എൽ.എഫ്.ക്യ-പി4/1325/14 തീയതി 19.06.2014 |
| 2010-2011 | എൽ.എഫ്.ക്യ-പി4/735/12 തീയതി 30.04.2013 |
| 2011-2012<br>2012-2013 | എൽ.എഫ്.ക്യ-പി4/2500/13 തീയതി 23.07.2014 |
| 2013-14,2014-15 | കെ.എസ്.എ-കെ.എൽ.എം-പി4/805<br>/2016.തീയതി.28.05.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10

സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.217 / 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –23/01/2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം